ററി ഒരു പുനശ്ചിന്തനം ഇവിടെ ഉളവാകുമെന്നും ഞങ്ങൾക്ക വലിയ പ്രതീക്ഷയില്ല.

അതേസമയം, പരിസരസംരക്ഷണതല്പരരെ സംബന്ധിച്ചിടത്തോളം ഹൈക്കോടതി വിധി അത്യന്തം പ്രോത്സാഹജനകമായ ഒന്നാണ്. വനവിധ്വംസനത്തിനെതിരായി സർക്കാരിനെതിരെ ഹൈക്കോടതിയുടെ സഹായം പൗരന്മാർക്ക ലഭിക്കുമെന്ന് ഈ വിധി വെളിപ്പെടുത്തുന്നു.

ഈ വിധിയിലേക്ക പൊതുജനങ്ങളുടെ ശ്രദ്ധയാകർഷിക്കുവാൻ സംഘടിതമായ പരിശ്രമം ഉണ്ടാകേണ്ടതാണ്. ശാസ്ത്രസാഹിത്യ പരിഷത്ത്, പ്രകൃതി സംരക്ഷണസമിതി, വൃക്ഷപ്രേമിസംഘം മുതലായ ആശയപരമായ നേതൃത്വം നല്കുന്ന, സംഘടനകൾക്ക് ഇക്കാര്യത്തിൽ ഗണ്യമായ സേവനമനുഷ്ഠിക്കുവാൻ കഴിയും. നമ്മുടെ വിദ്യാർത്ഥി സംഘടനകൾ ഈ വിഷയത്തിൽ താല്പര്യമെടുക്കേണ്ടതാണ്. തല്ക്കാല–പാർട്ടി രാഷ്ട്രീയത്തിൽ മാത്രമല്ല, രാജ്യത്തിൻെറ ദീർഘകാല ഭദ്രതയിലും തങ്ങൾ ഉത്സുകരാണെന്ന് അവർ ഇനിയങ്ങോട്ടു തെളിയിക്കേണ്ടിയിരിക്കുന്നു.

29 ജനുവരി, 1982

# 112. താജ്മഹലിന് ക്യാൻസർ

ആഗ്രയ്ക്കും ദില്ലിക്കും മദ്ധ്യത്തിലുള്ള ഒരു നഗരമാണ് മഥുര. ശ്രീകൃഷ്ണൻ പിറന്നതു മഥുരയിലാകയാൽ, ഒരു തീർത്ഥാടനകേന്ദ്രമെന്ന പ്രാധാന്യം ആ നഗരത്തിനുണ്ട്. പക്ഷേ, അത്തരമൊരു പ്രശസ്തിയിൽ മാത്രം ഊന്നി അലംഭാവം കൊള്ളാൻ ഒരു നഗരവും ഇക്കാലത്തു സന്നദ്ധമല്ല. നഗരങ്ങൾ അഭിവൃദ്ധിപ്പെടണമെങ്കിൽ അവയിലും അവയ്ക്കുരികിലും വൻകിട വ്യവസായങ്ങൾ ധാരാളമായി സ്ഥാപിക്കപ്പെടണം. നഗരവാസികൾക്ക തൊഴിലും, സ്ഥിരവും പര്യാപ്തവുമായ വരുമാനവും നൽകാൻ വ്യവസായങ്ങൾക്കേ കഴിയൂ. നഗരസഭകളുടെ നികുതിവരുമാനവും വ്യവസായങ്ങളെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ മഥുരയിൽ ഒരു വൻകിട വ്യവസായമെങ്കിലും ഉണ്ടായിക്കാണാൻ ആ നഗരവാസികൾ ആഗ്രഹിച്ചതിൽ ആശ്ചര്യമില്ല.

ഉത്തർപ്രദേശ് സ്റ്റേററിൽ ഉൾപ്പെട്ടതാണ് മഥുരനഗരം. ഇന്ത്യയിലെ ഏററവുമധികം ജനബാഹുല്യമുള്ള സ്റ്റേററ് എന്ന നിലയിൽ ഉത്തരപ്രദേശത്തിന് ഇന്ത്യൻ ഭരണസംവിധാനത്തിൽ നിർണായക പ്രാധാന്യമുണ്ട്. കേന്ദ്ര ഭരണകൂടത്തിൽ ധാരാളം സ്വാധീനം ചെലുത്താൻ, ഇതു നിമിത്തം, ഉത്തർപ്രദേശിനു കഴിയുന്നു. ഈ സ്വാധീനത്തിനു വഴങ്ങി, വളരെ വലിയ ഒരു എണ്ണ ശുദ്ധീകരണശാല (റിഫൈനറി) മഥുരയിൽ സ്ഥാപിക്കാൻ ഇന്ത്യാഗവണ്മെൻറ് തീരുമാനിച്ചു. മഥുരയ്ക്കുടുത്തൊന്നും അസംസ്കൃത എണ്ണ കിട്ടാനില്ല. പൈപ്പുകളിലൂടെ വളരെ അകലെനിന്നു കൊണ്ടുവന്നിട്ടു വേണം എണ്ണ മഥുരയിൽ സംസ്കരിക്കാൻ. ഈ അസൗകര്യമൊന്നും, പക്ഷേ, മഥുരയെ എണ്ണ സംസ്കരണ ശാലയുടെ ആസ്ഥാനമാക്കുന്നതിൽ നിന്ന് കേന്ദ്ര ഗവണ്മെൻറിനെ തടഞ്ഞില്ല.

എങ്കിലും ഫാക്ടറി പ്രവർത്തനം ആരംഭിക്കും മുമ്പുതന്നെ, തീരെ പ്രതീക്ഷിക്കാതിരുന്ന ചില പ്രശ്നങ്ങൾ തലയുയർത്തി. എണ്ണ സംസ്കരിക്കുമ്പോൾ വളരെയധികം പുക വായുമണ്ഡലത്തിൽ കലരും. പലതരം വിഷാംശങ്ങളും രാസവസ്തുക്കളും അടങ്ങിയ ഈ പുക അന്തരീക്ഷത്തിൽ

തങ്ങിനില്ക്കുകയും, മഴവെള്ളത്തെ മലിനമാക്കുകയും ചെയ്യും. 'ആസിഡ് മഴ' ഉണ്ടാകുന്നതു് അങ്ങനെയാണു്. സസ്യങ്ങളുടെയും ജീവികളുടെയും ആരോഗ്യത്തിനു് വളരെ ഹാനികരമായ 'ആസിഡ് മഴ' ഇപ്പോൾ വ്യാവസായിക രാജ്യങ്ങൾക്കു് വലിയൊരു തലവേദനയായിത്തീർന്നിട്ടുണ്ടു്.

പൊതുവായ ഈ മലിനീകരണ പ്രശ്നത്തിനു പുറമേ, മഥുരയിലെ എണ്ണ സംസ്കരണശാലയിലെ പുക മറ്റൊരു പ്രത്യേക പ്രശ്നവും ഉളവാക്കുന്നുണ്ടു്. മഥുരയ്ക്കടുത്താണു് ആഗ്ര. ആഗ്രയിൽ യമുനാനദിയുടെ തീരത്താണല്ലോ വിശ്വപ്രസിദ്ധമായ 'താജ്മഹൽ' എന്ന കെട്ടിടം നിലകൊള്ളുന്നതു്. 'കാലത്തിന്റെ കപോലത്തിലെ വറ്റാത്ത കണ്ണുനീർത്തുള്ളി' എന്നു് മഹാകവി ടാഗോർ വർണിച്ച ഈ ശവകുടീരം നിർമിച്ചിട്ടുള്ളതു് വെണ്ണക്കല്ലുകൊണ്ടാണു്. മിനുസവും ഭംഗിയും തിളക്കവും എല്ലാം ഉണ്ടെങ്കിലും വെണ്ണക്കല്ലിനു് ഉറപ്പു കുറവാണു്. രാസവസ്തുക്കളുമായി വെണ്ണക്കല്ലു് വളരെ വേഗത്തിൽ പ്രതികരിക്കും. ഗന്ധകമടങ്ങിയ എണ്ണസംസ്കരണശാലയിലെ പുക തട്ടിയാൽ വെണ്ണക്കല്ലിന്റെ നിറം മങ്ങും; അതു ദ്രവിക്കും; പൊടിഞ്ഞു് നശിക്കുകയും ചെയ്യും. 'മാർബിൾ ക്യാൻസർ' എന്ന പേരിലാണു് ഈ പ്രതിഭാസം അറിയപ്പെടുന്നതു്. മഥുരയിലെ എണ്ണ സംസ്കരണശാലയിലെ പുക ഒരു കരിമ്പടം പോലെ, മിക്ക സമയത്തും താജ്മഹലിനെ പൊതിഞ്ഞു നില്ക്കുകയും, അതിന്റെ പണിക്കു് ഉപയോഗിച്ച വെളുത്ത വെണ്ണക്കല്ലുകളെ രോഗബാധിതമാക്കുകയും ചെയ്യും. ഏതാനും വർഷങ്ങൾക്കുള്ളിൽ താജ്മഹൽ നിറം മങ്ങി വിരൂപമാവുകയും, താമസിയാതെ ക്യാൻസർ ബാധിച്ച ചരമമടയുകയുമായിരിക്കും ഇതിന്റെ ഫലം.

മുഗൾ വാസ്തുശില്പത്തിന്റെ ഈ അത്ഭുതസൃഷ്ടി, പുരുഷനു തന്റെ പത്നിയോടുള്ള പ്രണയത്തിന്റെ ലോകോത്തരമായ ഈ പ്രതീകം, അങ്ങനെ നശിക്കാമോ? ഇന്ത്യയ്ക്കു മാത്രമല്ല, ലോകത്തിനുതന്നെ നികത്താൻ കഴിയാത്ത ഒരു നഷ്ടമാവില്ലേ അതു്?

പക്ഷേ, താജ്മഹൽ നിലനിറുത്താൻ വേണ്ടി മഥുരയിൽ എണ്ണ സംസ്കരണശാല വേണ്ടെന്നു വെക്കാമോ? പിൻമടങ്ങാൻ കഴിയാത്ത നിലയിൽ അതിന്റെ പണി പുരോഗമിച്ചിരിക്കുകയാണു്.

മഥുര എണ്ണ സംസ്കരണ ശാലയിൽ നിന്നും പുറംതള്ളുന്ന പുക അരിച്ചു്, അതിലെ ദോഷകരങ്ങളായ രാസവസ്തുക്കൾ നീക്കം ചെയ്യാൻ പറ്റുമോ എന്നായി പിന്നെ ആലോചന. പുക മുഴുവൻതന്നെ മാലിന്യമായ സ്ഥിതിക്കു്, അതെങ്ങനെ അരിച്ചു ശുദ്ധമാക്കുവാനാണു്.

താജ്മഹലിനെ രക്ഷിക്കുന്നതിനുള്ള ഒരു മാർഗമായി ഇപ്പോൾ പറയപ്പെടുന്നതു് മരം നട്ടു വളർത്തലാണു്. ആ മാർബിൾക്കെട്ടിടത്തിനു ചുറ്റുമായി രണ്ടര ലക്ഷം മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള ഒരു പദ്ധതി ഉത്തർപ്രദേശ് ഗവണ്മെന്റ് ആവിഷ്കരിച്ചിരിക്കുന്നു. പച്ചയിലകൾക്കു് പുകയിലെ കരി (കാർബൺ)യും അതോടൊപ്പം അതിലെ ദോഷകരങ്ങളായ രാസവസ്തുക്കളും ആഗിരണം ചെയ്യാനുള്ള കഴിവുണ്ടു്. മരങ്ങളുടെ പച്ചയിലകൾ, താജ്മഹലിന്റെ അടുത്തേക്കു ചെല്ലുന്ന വായുവിലെ മാർബിൾ ക്യാൻസറുളവാക്കുന്ന രാസാംശങ്ങളെ അരിച്ചു നീക്കുകയും, അങ്ങനെ താജ് മഹലിനു സംരക്ഷണം നല്കുകയും ചെയ്യുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്.

താജ്മഹലിനെ സംരക്ഷിക്കുവാൻ ഈ മരംനടൽപ്പരിപാടി മാത്രം മതിയാവുമോ എന്ന സംശയമാണു്. ഒപ്പം, ഫാക്ടറിയിൽനിന്നു പുറത്തു പോകുന്ന പുക അരിച്ചു് വിഷാംശങ്ങൾ നീക്കുന്നതിനുള്ള സംവിധാനങ്ങൾ കൂടി ഉണ്ടാവണം. എന്നാൽത്തന്നെ, കാലാന്തരത്തിൽ ഈ പുക വെണ്ണക്കല്ലിനെ എങ്ങനെ ബാധിക്കുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

എന്നാലും ഈ മരംനടൽപ്പരിപാടി സ്വാഗതാർഹമാണ്. വടക്കു പടിഞ്ഞാറുള്ള മരുഭൂമിയുടെ ആക്രമണ ഭീഷണി എന്നും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന നഗരങ്ങളാണ് ആഗ്രയും ദില്ലിയും. ആഗ്രയ്ക്കടുത്തുള്ള ബത്തേഹ്പൂർസിക്രി എന്ന പ്രദേശത്തെ തന്റെ തലസ്ഥാനമായി തിരഞ്ഞെടുത്ത് അവിടെ ചെങ്കല്ലുകൊണ്ട് വലിയൊരു കോട്ടയും മനോഹരങ്ങളായ ഒട്ടേറെ കെട്ടിടങ്ങളും അക്ബർ നിർമിക്കുകയുണ്ടായി. വെള്ളം കിട്ടാതെ വന്നതിനാലാണത്രേ, ഈ നഗരം പിന്നീട് ജനവാസശൂന്യമായി. ഇന്ന് സന്ദർശകരുടെ ഒരു കൗതുകവസ്തു മാത്രമാണ് ഫത്തേഹ്പൂർസിക്രി. ഫത്തേഹ്പൂർസിക്രിയിൽ വെള്ളം വററിപ്പോയത് ചുററുമുള്ള കാടുകൾ നശിച്ചുപോയതിനാലാണത്രെ.

സ്വാതന്ത്ര്യത്തിനു ശേഷമുള്ള വർഷങ്ങളിൽ ബുദ്ധിശൂന്യവും നിർദാക്ഷിണ്യവുമായ വനവിധ്വംസനമാണ് ഇന്ത്യയിൽ എങ്ങും നടന്നിട്ടുള്ളത്. നമ്മുടെ ഭൂപരിസ്ഥിതിയിലും അന്തരീക്ഷാവസ്ഥയിലും ഇതുമൂലം വന്നുചേർന്നിട്ടുള്ള മാററങ്ങൾ എന്തെല്ലാമെന്ന് ഇനിയും തിട്ടപ്പെടുത്താറായിട്ടില്ല. ഒന്നു മാത്രം പറയാം; ഈ വൃക്ഷവിധ്വംസനം ഒരു നന്മയും ചെയ്യുകയില്ല. ഒട്ടേറെ തിന്മകൾ അതുകൊണ്ട് ഉണ്ടാവുന്നുണ്ടുതാനും.

മരം മുറിക്കുന്നതിനു പ്രതിവിധി മരം നട്ടു പിടിപ്പിക്കുകയാണല്ലോ. കേന്ദ്രമന്ത്രിയായിരിക്കെ ശ്രീ കെ. എം. മുൻഷിയാണ് ആണ്ടുതോറും വനമഹോത്സവം ഔദ്യോഗിക തലത്തിൽ ആഘോഷിക്കാൻ തുടങ്ങിയത്. പക്ഷേ, വനമഹോത്സവത്തിൽ ആഘോഷപൂർവം നട്ട തൈ ഉടൻ ഉണങ്ങുകയെന്നതായിരുന്നു ഇന്നോളം അനുഭവം. കാരണം, മരങ്ങളെ സംരക്ഷിക്കേണ്ടതാണെന്ന ബോധം സർക്കാരിനോ പൊതുജനങ്ങൾക്കോ ഇനിയും ഉണ്ടായിട്ടില്ല. പിന്നീട് സഞ്ജയഗാന്ധിയുടെ അഞ്ചിനപരിപാടിയിൽ ഒരിനമായി വനംനടൽ പ്രാധാന്യം നേടി. ആഗ്രയിൽനിന്നു ദില്ലിയിലേക്കു പോകുന്ന റോഡിന്റെ ഇരു വശങ്ങളിലും സഞ്ജയന്റെ അനുയായികൾ നട്ട തൈകൾ വളർന്ന് മരങ്ങളായി പച്ചപിടിച്ചു നില്ക്കുന്നത് ഇപ്പോൾ കാണാം. ഇതിനർഥം, വേണമെങ്കിൽ ഇന്ത്യയിലെ തരിശുനിലങ്ങൾക്ക് പച്ചിലയുടെ ആരോഗ്യകരമായ ആവരണം നൽകാൻ ഇനിയും സാദ്ധ്യതയുണ്ടെന്നാണ്. ആശ കൈവിടാറായിട്ടില്ല.

കേന്ദ്രഗവണ്മെൻറിൽ പരിസ്ഥിതിയുടെ കാര്യം ശ്രദ്ധിക്കാനായി ഒരു വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഈ വകുപ്പ് ഊർജിതമായി പ്രവർത്തിച്ചുതുടങ്ങിയതിന്റെ ഒരു ലക്ഷണവും ഇനിയും കണ്ടുതുടങ്ങിയിട്ടില്ല. കേന്ദ്രത്തിൽ മാത്രമല്ല, സ്റ്റേററുകളിലും പരിസ്ഥിതി സംരക്ഷണ വിഭാഗങ്ങളുണ്ടാവണം. മുനിസിപ്പാലിററികളിലും പഞ്ചായത്തുകളിലും പരിസ്ഥിതിസംരക്ഷണത്തിനു ചുമതലപ്പെട്ട സബ് കമ്മററികളെങ്കിലും സംഘടിപ്പിക്കപ്പെടണം. കാരണം, ജനതയുടെ പൊതു സ്വത്താണ് മണ്ണും വെള്ളവും വായുവും. അവ വിഷദൂഷിതങ്ങളായാൽപ്പിന്നെ ജീവന്, ആരുടെ ജീവനും, രക്ഷയില്ല. അവയെ വിഷദൂഷിതങ്ങളാക്കുന്നതിനുള്ള സാഹചര്യങ്ങൾ എമ്പാടും ഉണ്ടുതാനും. മരങ്ങൾ മണ്ണിനെയും വെള്ളത്തെയും വായുവിനെയും സംരക്ഷിക്കുന്നു; ശുദ്ധീകരിക്കുന്നു. പരിഷ്കൃത ഭരണത്തിൽ മനുഷ്യനു കിട്ടുന്ന സംരക്ഷണം മരത്തിനും കിട്ടണം.